ശ്രീ. വി. സി. കബീർ: പാഠപുസ്തകങ്ങൾ കുറഞ്ഞവിലയ്ക്ക് കൊടുക്കാൻവേണ്ടി ഗവൺമെന്റ് ഒരു കോടി രൂപ സബ്സിഡൈസ് ചെയ്തുവെന്നു പറഞ്ഞു. ആ അടിസ്ഥാനത്തിൽ നോട്ടുപുസ്തകങ്ങൾ ഉണ്ടാക്കാൻ കടലാസുകൾ അതാതു സ്കൂളുകൾക്ക് വിതരണംചെയ്തു. ചില സ്വകാര്യ സ്കൂളുകളിൽ നോട്ടുപുസ്തകങ്ങൾ ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ നൂറു പേജുള്ള പുസ്തകത്തിൽ 80 പേജാണുള്ളത്. അതിനെ സംബന്ധിച്ച് സംസ്ഥാനത്ത് എത്ര പരാതികൾ കിട്ടിയിട്ടുണ്ട്; ഏതെല്ലാം സ്കൂളുകളിൽ അന്വേഷണം നടത്തി; ഏതെല്ലാം അദ്ധ്യാപകരുടെ പേരിൽ നടപടി എടുത്തു; വല്ല പരാതിയും എം. എൽ. എ. മാർ രേഖാമൂലം തന്നിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: വളരെ വിശദമായ ചോദ്യമാണ്. എത്ര പേരുടെ പേരിൽ നടപടിയെടുത്തു, എത്ര പരാതി കിട്ടി എന്നു ചോദിച്ചാൽ എനിക്ക് ഓർമ്മയില്ല. പരാതി കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ഒ. ഭരതൻ: കർണ്ണാടക പ്രദേശത്ത് പാഠപുസ്തകങ്ങൾ കിട്ടാത്തതുകൊണ്ട് ഉണ്ടായിട്ടുള്ള വികാരങ്ങൾ പ്രതിപക്ഷ നേതാവ് പറഞ്ഞു. അത്തരം വികാരങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ഭാഷാ ന്യൂനപക്ഷങ്ങളുടെ പുസ്തകങ്ങൾ ഒന്നായിട്ട് അച്ചടിച്ച് കിട്ടുന്നില്ല എങ്കിൽ രണ്ടു മൂന്നു മാസക്കാലത്തേക്ക് ആവശ്യമായിട്ടുള്ള പുസ്തകങ്ങൾ ഖണ്ഡശ അച്ചടിച്ച് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഖണ്ഡശ അടിയ്ക്കേണ്ട കാര്യമില്ല. ആകെ നാല്പതിനായിരമാണുള്ളത്. അത് ഒന്നിച്ച് അടിച്ചുകൊടുക്കാം.

റോഡുകളുടെ അറ്റകുറ്റപ്പണികൾ

*28 [32] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, എം. വി. രാഘവൻ:
,, കെ. പി. അരവിന്ദാക്ഷൻ:
,, സി. കെ. തങ്കപ്പൻ:
,, ടി. കെ. ആറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷത്തിന്റെയും വെള്ളപ്പൊക്കത്തിന്റെയും കെടുതിമൂലം സംസ്ഥാനത്തെ റോഡുകൾക്കുണ്ടായ കേടുപാടുകൾ തീർക്കാൻ എന്തു തുകയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്;

(ബി) അനുവദിച്ച തുകയിൽ ഓരോ ജില്ലയ്ക്കും മാറ്റിവച്ചിട്ടുള്ള സംഖ്യ എത്രവീതമാണ്;

(സി) അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വൻതോതിൽ അഴിമതിയും ക്രമക്കേടും നടക്കുന്നതായി ആരോപണങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതിനും അറ്റകുറ്റപ്പണികൾ ക്രമക്കേടുകൾ കൂടാതെ നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) നാഷണൽ ഹൈവേകളുടെ അർബൻ ലിങ്കുകളുടെ അറ്റകുറ്റപണികൾക്കായി നാഷണൽ ഹൈവേ വിഭാഗത്തിൽ 30 ലക്ഷം രൂപയും, ബി ആൻറ് ആർ വിഭാഗത്തിൻകീഴിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 150 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലയ്ക്കും മാറ്റിവച്ച തുക കാണിക്കുന്ന ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.*

(സി) ഇല്ല.

(ഡി) അറ്റകുറ്റപ്പണികളിൽ ക്രമക്കേടുകളുണ്ടാകാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അഴിമതികൾ ശ്രദ്ധിക്കപ്പെട്ടാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വി. രാഘവൻ: സർ, പി. ഡബ്ലിയു. ഡി. റോഡുകൾക്ക് 150 ലക്ഷം രൂപയാണ് അറ്റകുറ്റപണികൾക്ക് ഉള്ളത്. അറ്റകുറ്റപ്പണികൾ ഇല്ലാത്ത ഏതെങ്കിലും പി. ഡബ്ലിയു. ഡി. റോഡ് കേരളത്തിൽ ഉണ്ടോ? ഇല്ല എന്നാണ് എന്റെ വിശ്വാസം. എല്ലാ റോഡുകൾക്കും കുഴപ്പമുണ്ട്. വാഹനങ്ങൾ ഓടിക്കാൻ കഴിയുന്നില്ല. ദിവസവും പത്തും പതിനഞ്ചും മരണങ്ങൾ നടക്കുന്നു. അതുകൊണ്ട് ഈ തുക വർദ്ധിപ്പിക്കാൻ എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കുന്നത്? വെള്ളപ്പൊക്കത്തിന്റെ ഫലമായിട്ട് എത്ര എമൗണ്ട് കിട്ടി? റോഡുകൾ നന്നാക്കാൻ വേണ്ടി സാധിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ കേടുപാടുകൾ ഇല്ലാത്ത റോഡുകൾ ഇല്ല. 7337 കിലോമീറ്റർ റോഡ് ണ് കേടായിട്ടുള്ളത്. അതിന് ആവശ്യമായ 178 കോടി രൂപയാണ് ഫ്ളഡ് റിലീഫിന് നമ്മൾ ചോദിച്ചത്. ഞാൻ ഇവിടെ വായിച്ചത് കഴിഞ്ഞ ജൂലൈയിൽ കിട്ടിയ സംഖ്യയെ സംബന്ധിച്ചാണ്. അതിന്റെ ജില്ലാ വിഹിതമാണ് വായിച്ചത്. ഇപ്പോൾ റവന്യൂ ഡിപ്പാർട്ടുമെൻറ് മുഖേന കിട്ടിയിട്ടുള്ള സംഖ്യയിൽനിന്ന് 34 കോടി രൂപ കൂടി റോഡ് വർക്കിന് കിട്ടുമെന്നാണ് പ്രതീക്ഷ. അതിന്റെ ഓർഡർ ഇറങ്ങിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ആധികാരികമായി ഉറപ്പെടുത്താത്തത്. മുൻപ് കിട്ടിയതിന്റെ കണക്കാണ് പറഞ്ഞത്.

ശ്രീ. എം. വി. രാഘവൻ: 34 കോടി രൂപ ഫ്ളഡിന്റെ ഫലമായി കിട്ടുമെന്നാണ് പറയുന്നത്. ഇത് അറ്റകുറ്റപ്പണികൾ തീർക്കാനാണോ ഉപയോഗിക്കുന്നത്, അതല്ല ഗവൺമെൻറ് ഏറ്റെടുക്കുകയും പ്രവർത്തനം നടത്താതിരിക്കുന്ന റോഡുകൾക്കുമാണോ പ്രയോറിട്ടി കൊടുക്കുന്നത്? ഏതിനാണ് പ്രയോറിട്ടി കൊടുക്കുന്നത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഫ്ളഡ് ഡാമേജ്ഡ് റോഡുകളുടെ വർക്കിനാണ് പ്രയോറിട്ടി കൊടുക്കുന്നത്. അതിനാണ് പണം അനുവദിക്കുന്നത്. വെള്ളപ്പൊക്കം മൂലം കേടുവന്ന റോഡുകൾക്കാണ് പ്രയോറിട്ടി കൊടുക്കുന്നത്.

*അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: വെള്ളപ്പൊക്കം റോഡുകളുടെ കേടുകാര്യം വേഗത കൂട്ടിയിട്ടുണ്ട്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ പി. ഡബ്ലിയു. ഡി. നോംസ് അനുസരിച്ച് അഞ്ചുകൊല്ലത്തിലൊരിക്കൽ ടാർ ചെയ്ത റോഡുകൾ റിസ്റ്റൂ ചെയ്യണമെന്ന നിബന്ധന നടക്കുന്നില്ല. പത്തുകൊല്ലം കൂടുമ്പോൾ പോലും നടക്കുന്നില്ല. പത്തിലൊന്ന് റോഡുകൾ വീതം ഓരോ വർഷവും ചെയ്യണം. അറ്റകുറ്റപ്പണികൾക്ക് വർഷംതോറും തുക നീക്കി വയ്ക്കാറില്ല. അത് പരിഹരിക്കുന്നതിന് ഫ്ളഡിനു കിട്ടിയ തുക നീക്കിവയ്ക്കുന്നതിന്റെ ഫലമായി റോഡുകൾ സഞ്ചാരയോഗ്യമല്ലാതായി. ഈ സമ്മേളനം കഴിഞ്ഞ് മന്ത്രിമാർക്ക് ഒടയിനിലല്ലാതെ കാറിൽ മടങ്ങിപ്പോകുവാൻ സാധിക്കുകയില്ല. ഈ സ്ഥിതി മനസ്സിലാക്കി എന്നുകിൽ തുക വർദ്ധിപ്പിക്കുക അല്ലെങ്കിൽ ഗതാഗതയോഗ്യമല്ലെന്നു പറഞ്ഞ് ക്ലോസ് ചെയ്യുക.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. കഴിഞ്ഞ വർഷം വരൾച്ച ആയിരുന്നു. ഫ്ളഡല്ല. അതിന്റെ പണം കിട്ടിയിട്ടില്ല. 5 കൊല്ലം കൂടുമ്പോൾ ഇതു ചെയ്യുന്നതിന് നോംസ് ഉണ്ട്. പക്ഷേ ആ നോംസിന് അനുസരിച്ച് നമ്മുടെ വിഭവശേഷി വർദ്ധിക്കുന്നില്ല. അതുകൊണ്ടാണ് ചെയ്യാൻ കഴിയാത്തത്. ഉള്ള സാമ്പത്തികശേഷിയുടെ കീഴിൽ നിന്നുകൊണ്ട് പരമാവധി ചെയ്തുകൊണ്ടിരിക്കുന്നു.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, ഞാൻ ചോദിച്ചത് ഫ്ളഡിൽ നിന്നു കിട്ടിയോ വരൾച്ചയിൽനിന്നു കിട്ടിയോ എന്നല്ല. ന്യായമനുസരിച്ച് പി.ഡബ്ലിയു. ഡി. റോഡുകൾക്ക് ആണ്ടുതോറും ചെയ്യേണ്ട മെയിൻറനൻസിനും റിനോവേഷനും പണം നീക്കിവയ്ക്കുന്നില്ല. ഇപ്രാവശ്യവും മാറ്റിവച്ചിട്ടില്ല. ഇപ്രാവശ്യം ദേശീയദുരിതാശ്വാസത്തിന് കിട്ടിയ തുകയിൽനിന്ന് സ്വൽപ്പം മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നു. റോഡുകൾ സഞ്ചാരയോഗ്യമല്ല. റോഡുകൾ അറ്റകുറ്റപ്പണി ചെയ്യാൻ കഴിയുകയില്ലെങ്കിൽ വിദ്യാഭ്യാസമേഖലയിൽ ചെയ്യുന്നതുപോലെ റോഡുകളും സഹകാര്യമുതലാളിമാരെ ഏൽപ്പിക്കണം. അവർ നികുതിപിരിച്ച് റോഡുകൾ നന്നാക്കിക്കൊള്ളും. അങ്ങനെ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, ഞാൻ ഇവിടെ പറഞ്ഞ ആൻസറിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് മെമ്പറും പറഞ്ഞത്. നമുക്ക് അറ്റകുറ്റപ്പണികൾക്ക് കൊല്ലംതോറും 40 കോടി രൂപവേണം. നമ്മുടെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത് 18 കോടി രൂപയാണ്. അപ്പോൾ നോംസനുസരിച്ച് പ്രവർത്തിക്കാൻ സാദ്ധ്യമല്ല. ഉള്ളതിന്റെ പരമാവധി ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. തങ്കപ്പൻ: സർ, ദുരിതാശ്വാസത്തിനുവേണ്ടി ലഭിച്ച തുക കേരളത്തിൽ വിനിയോഗിക്കുന്നതിന് ജില്ലതിരിച്ചു വിഹിതം നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, അനുവദിച്ച സംഖ്യയുടെയും വിനിയോഗിച്ച സംഖ്യയുടെയും ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. ഇനി അനുവദിക്കാനുള്ളത് മേശപ്പുറത്ത് വയ്ക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ: സർ, നമ്മുടെ നാട്ടിലെ നിർമ്മാണപ്രവർത്തനരംഗത്ത് അമിതമായി ലാഭമെടുക്കുന്ന ഏജൻസികളാണ് കോൺട്രാക്ടർമാർ. ഇപ്പോഴും ദുരിതാശ്വാസത്തിനു കിട്ടിയ തുകയെങ്കിലും ഫലപ്രദമായി നാട്ടിനുവേണ്ടി ചെലവഴിക്കാൻ എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, പ്രത്യേക സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. കെ. ആറുമുഖൻ: സർ, രണ്ടു മണിക്കൂർ നമ്മുടെ പി. ഡബ്ലിയു.ഡി. റോഡുകളിൽക്കൂടി സഞ്ചരിച്ചാൽ രണ്ടു ദിവസം ആയൂർവേദ കോളേജിൽ കിടക്കേണ്ട ഗതികേടാണ് നമ്മുടെ നാട്ടിലുള്ളത്. ആ ഗതികേട് മാറിക്കിട്ടുന്നതിനുവേണ്ടി എന്തു നടപടി അടിയന്തിരമായി ചെയ്യുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, ഈ രണ്ടു മണിക്കൂർ ഗതാഗതം കൊണ്ടുള്ള ബുദ്ധിമുട്ട് ഇക്കൊല്ലം തുടങ്ങിയതല്ല. പല കൊല്ലങ്ങളായി നടന്നുവരുന്നതാണ്. അതിന് ഒരു ഗവൺമെന്റിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നമ്മുടെ സാമ്പത്തിക പരാധീനതയാണ് പ്രധാന കാരണം.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മാടയ്ക്കത്തറ പഞ്ചായത്തിൽ 1980-ൽ ഒരു പാലം പണി തുടങ്ങി. കല്ലായിപ്പുഴയുടെ തീരത്താണ് ഇത്. രണ്ടു കോളനികളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പാലമാണ്. പണി തുടങ്ങി ഒരു കൊല്ലം കഴിഞ്ഞപ്പോൾ കോൺട്രാക്ടർ പണി വിട്ടുപോയി. ഇതുവരെ ആ പണി നടത്തിയിട്ടില്ല. നാട്ടുകാർ നിർമ്മിച്ച റോഡും വെള്ളപ്പൊക്കത്തിൽ നശിച്ചുപോയി. ഈ പാലം പണിയുന്നതിനും റോഡ് നന്നാക്കുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, ആ കോൺട്രാക്ടറെ ഒഴിവാക്കി വേറൊരു കോൺട്രാക്ടറെ ഏർപ്പെടുത്തുന്നതിന് നിയമപ്രകാരം കാലതാമസം ഉണ്ടാകും. ഒരു കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യണമെങ്കിൽ അതിന്റെ നിയമപരമായ കാര്യങ്ങളും ആലോചിക്കണം. എന്നിട്ട് പുതിയ കോൺട്രാക്ടർക്ക് കൊടുക്കണം. ഈ കേസിൽ എന്താണ് നടന്നതെന്ന് അറിഞ്ഞുകൂടാ.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, അർബൻലിങ്കിൽപെട്ട റോഡുകളുടെ അറ്റകുറ്റപ്പണിക്ക് 30 ലക്ഷം ഉറുപ്പികയും സ്പോർട്സ് ഹൈവേകൾക്ക് 180 ലക്ഷം ഉറുപ്പികയും അനുവദിച്ചു എന്നു പറഞ്ഞു. തിരുവനന്തപുരം ജില്ലയ്ക്ക് കുറെ പണം അനുവദിച്ചുകാണും. തിരുവനന്തപുരം ജില്ലയിൽ പ്രത്യേകിച്ചും തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിലുള്ള ഒരൊറ്റ റോഡിന്റെ മെയിൻറനൻസ് പണിയും ഇതുവരെ നടത്തിയിട്ടില്ല. ഞങ്ങളുടെ നാട്ടിൽനിന്നും ഇങ്ങോട്ടുവരുന്ന റോഡ് രണ്ടു മാസമായി കുണ്ടും കുഴിയുമായി കിടക്കുകയാണ്. എക്സിക്യൂട്ടീവ് എൻജിനീയറും അതിന്റെ മുകളിൽ ചീഫ് എൻജിനീയറും ഇവരെയെല്ലാം നിയന്ത്രിക്കാൻ ബഹുമാനപ്പെട്ട ഡപ്യൂട്ടി മുഖ്യമന്ത്രിയും ഉണ്ട്. ഒറ്റ റോഡിന്റേയും അറ്റകുറ്റപ്പണി ഇന്നുവരെ നടത്തിയിട്ടില്ല. യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുണ്ട്. ഇതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, കോർപ്പറേഷൻ റോഡുകൾ നന്നാക്കാൻ 8 കോടി രൂപ വേണമെന്നൊരാവശ്യം മുനിസിപ്പൽ കോർപ്പറേഷൻ ഡയറക്ടർ ഉന്നയിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്.

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, 150 ലക്ഷം ഉറുപ്പിക ബി. ആൻഡ് ആറിന് ലഭിച്ചതിന്റെ വിഹിതം ജില്ലാകൗൺസിൽ വിതിച്ചുകൊടുത്തു എന്നു മന്ത്രി പറഞ്ഞു. ഒരു ജില്ലയ്ക്കകത്ത് ഒരു ഡിവിഷന്റെ കീഴിൽ നാലും അഞ്ചും സബ് ഡിവിഷൻ ഉണ്ടാകും. ഈ സബ് ഡിവിഷനുകളിൽ റോഡുകളുടെ നീളം വ്യത്യസ്തമായിരിക്കും. ഈ റോഡുകളുടെ നീളം കണക്കാക്കിയാണോ ഓരോ സബ്ഡിവിഷനും തുക അലോട്ടു ചെയ്യുന്നത്? അതോ ഓരോ സബ്ഡിവിഷനും ഇത്ര തുക എന്നാണോ; ഇതു വ്യക്തമാക്കാമോ; ഇത് അലോട്ടു ചെയ്യുന്നത് ജില്ലയാണോ; അതോ ഗവൺമെൻറാണോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, അലോട്ടു ചെയ്യുന്നത് ഗവൺമെൻറാണ്. ഓരോ ഡിവിഷനിലേയും റോഡുകളുടെ നീളം. കണക്കാക്കിയല്ല തുക അലോട്ടു ചെയ്യുന്നത്. നമുക്ക് ഇരുപതിനായിരത്തോളം കിലോമീറർ റോഡുണ്ട്. ഇതിൽ 7337 കിലോമീറർ റോഡിനാണ് ഡാമേജുള്ളത്. അതനുസരിച്ച് ഏതെല്ലാം ഡിവിഷനിലെ റോഡുകൾക്ക് കേടുപാടുണ്ടായിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണ് വിഹിതം അനുവദിച്ചിട്ടുള്ളത്.

ശ്രീ. കെ. ടി. കണാരൻ: സർ, ഒരു മണ്ഡലത്തിൽ ഒരു എം.എൽ.എ.ക്ക് രണ്ടു റോഡെന്ന പദ്ധതി ഇപ്പോൾ അനിശ്ചിതാവസ്ഥയിലാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് അനുവദിച്ച തുക അതാതു മണ്ഡലത്തിലെ പി. ഡബ്ലിയു. ഡി. റോഡുകൾക്കുതന്നെ കൊടുക്കേണ്ട കാര്യത്തിൽ അതാതു നിയോജകമണ്ഡലത്തിലെ എം എൽ. എ. മാർ ലിസ്റ്റ് പി. ഡബ്ലിയു. ഡി. എൻജിനീയർമാർക്കു കൊടുത്താൽ അതു പരിഗണിക്കുന്നതിന് ഒരു നിർദ്ദേശം പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, മെമ്പർ ആദ്യം പറഞ്ഞത് ശരിയല്ല. എം. എൽ. എ. മാരുടെ റോഡ് അനിശ്ചിതാവസ്ഥയിലല്ല. (ബഹളം) ഫ്ളഡ് ഡാമേജിനാണ് മുൻഗണന കൊടുക്കുന്നത്. എം. എൽ. എ. റോഡിനല്ല.

ശ്രീ. കെ. രാഘവൻമാസ്റ്റർ: സർ,. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒന്നാണ് വയനാട് ചുരം. ആ ചുരത്തിന് കഴിഞ്ഞ മഴയിലും മലവെള്ളപ്പാച്ചിലിലും വളരെയധികം നാശനഷ്ടങ്ങളുണ്ടായി. ഈ ചുരം നന്നാക്കുന്നതിനുവേണ്ടി പ്രത്യേകമായ വല്ല ഫണ്ടും അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രത്യേകമായ ഫണ്ട് അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, പ്രത്യേകമായ ഫണ്ട് അനുവദിക്കാതെതന്നെ ചുരം നന്നാക്കുന്നതിന് അടിയന്തിരമായി നടപടി എടുക്കുന്നതാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, പല റോഡുകളും പണിതുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും പൂർത്തിയാകാതെ കിടക്കുകയാണ്. കാലപ്പഴക്കം കണക്കിലെടുത്ത് ഒരു സമയബന്ധിത പരിപാടിവച്ച് ആ റോഡുകളുടെ പണി തീർക്കുന്നതിനു നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, പല റോഡുകളും ഇങ്ങനെ പൂർത്തിയാകാതെ കിടക്കുന്നുണ്ട്. കോൺട്രാക്ടർമാർ ഇട്ടുപോയതു കൊണ്ട് കാലതാമസം വരുന്നവയുണ്ട്. ഏതു റോഡിനെപ്പറ്റിയാണ് മെമ്പർ പറഞ്ഞതെന്നു വിശദമായി എഴുതിത്തന്നാൽ അതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. കെ. സി. ജോസഫ്: സർ കാലവർഷവും മലവെള്ളപ്പാച്ചിലും മൂലം പൂർണ്ണമായി നശിച്ചുപോയതും നേരത്തെ പി. ഡബ്ലിയു.ഡി. ടാർ ചെയ്തിട്ടില്ലാത്തതുമായ റോഡുകൾ ടാർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: പൂർണ്ണമായും വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതാണെങ്കിൽ ഗവൺമെന്റ് ഉണ്ടാക്കിയ ലിസ്റ്റിൽ കാണും. അതു നന്നാക്കുന്നതാണ്.

ശ്രീ. സി. പി. മൂസാൻകുട്ടി: സർ, 34 കോടി ഉറുപ്പിക ഗുരിതാശ്വാസപ്രവർത്തനത്തിന് കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു. ഈ സംഖ്യ എന്ന് അതായത് ജില്ലകൾക്ക് കിട്ടും; അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഈ തുക വെള്ളപ്പൊക്കത്തിൽ നശിച്ചുപോയ റോഡുകളും പാലങ്ങളും നന്നാക്കുന്നതിനു മുൻഗണന കൊടുത്തു ചെലവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, ജില്ലാതലത്തിൽ അനുവദിച്ച സംഖ്യയാണ് പറഞ്ഞത്. കിട്ടുമെന്നു പ്രതീക്ഷിച്ചതാണ് 34 കോടി രൂപ. അത് കിട്ടിക്കഴിഞ്ഞാൽ അതാതു ജില്ലകളിലെ റോഡുകൾക്കും പാലങ്ങൾക്കും മുൻഗണന നൽകും.

ശ്രീ. പി. പി. തങ്കച്ചൻ: സർ, സ്റ്റേറ്റ് ഹൈവേ കൂടിയായ ആലുവ-മൂന്നാർ റോഡ് ഒരു പ്രധാനപ്പെട്ട റോഡാണ്. അതിൽപ്പെട്ട പെരുമ്പാവൂർ ടൗണിൽ നിർഭാഗ്യവശാൽ ഞാൻ താമസിക്കുന്ന വീടിന് തൊട്ടുമുമ്പിൽ നാടൻഭാഷയിൽ പറഞ്ഞാൽ ഒരു ആനക്കുഴിയുണ്ട്. അതൊന്ന് മണ്ണും കല്ലും ഇട്ട് നികത്താൻ, ഒരു എം. എൽ. എ. യുടെ വീടിന്റെ മുമ്പിലാണെന്ന പ്രത്യേക പരിഗണനവച്ചെങ്കിലും തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, എല്ലാ കുണ്ടും കുഴിയും അടയ്ക്കാം. ഒക്ടോബറിലെ മഴ കഴിഞ്ഞതിനുശേഷം ടാർ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സർ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോഴും പറഞ്ഞു ഒരു കോടി 50 ലക്ഷം ഉറുപ്പിക താൽക്കാലികമായ മെയിന്റനൻസിനും 34 കോടി ഉറുപ്പിക നന്നാക്കുന്നതിനും വേണ്ടി അനുവദിച്ചിട്ടുണ്ടെന്ന്. അതുകൊണ്ട് ഒരുവർഷം വളരെ ചുരുങ്ങിയ അംശം മാത്രമല്ലേ ചെയ്യാൻ കഴിയുകയുള്ളൂ? ഇതിനേക്കാൾ കൂടുതൽ സംഖ്യ അനുവദിച്ചാലല്ലേ റോഡുകളുടെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കാൻ കഴിയുകയുള്ളൂ. അതനുസരിച്ച് കൂടുതൽ സംഖ്യ അനുവദിക്കാൻ വല്ല ഏർപ്പാടും ഗവൺമെന്റിനുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, കേന്ദ്രത്തിൽനിന്നു വാങ്ങാവുന്നതിന്റെ പരമാവധി നമ്മൾ വാങ്ങാൻ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് നമുക്ക് ഇത്രയും സംഖ്യ കിട്ടിയത്. അതിൽ ഒരു ഓഹരിയാണ് പി. ഡബ്ലിയു. ഡി. യ്ക്ക് കൊടുത്തത്.

ശ്രീ. സി. എഫ്. തോമസ്: സർ, നമ്മുടെ റോഡുകൾക്ക് കേടുപാടുകൾ ഉണ്ടാക്കുന്നതിൽ പ്രധാനമായ ഒരു പങ്കു വഹിക്കുന്നത് പി. എച്ച്. ഇ. ഡി. ക്കാരും പി. ആൻഡ് ഡി. ക്കാരുമാണ്. പൈപ്പ് ലൈൻ ഇടുന്നതിനും കേബിൾ മാറ്റുന്നതിനും വേണ്ടി റോഡുകൾ കേടു വരുത്തുന്നു. ഇതു പരിഹരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: സർ, ഗവൺമെന്റ് വളരെമുമ്പു തന്നെ ഇതിനേക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. അതിനു ചില നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളും കൂടി യോജിച്ചുകൊണ്ട് പ്രവർത്തിക്കാനുള്ള ചില നിർദ്ദേശങ്ങൾ ഉണ്ട്. പക്ഷേ പല സ്ഥലങ്ങളിലും അതു നടക്കുന്നില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പരീക്ഷകളിൽ ക്രമക്കേട് നടന്നതായി പരാതി

* 29 [33] ശ്രീ. വി. ജെ. തങ്കപ്പൻ:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി സർവ്വകലാശാലയുടെ കീഴിൽ നടത്തപ്പെട്ട പരീക്ഷകളിൽ ക്രമക്കേടുകൾ നടന്നതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) ഈ പരാതികളിൻമേലുള്ള അഭിപ്രായം അറിയിക്കുവാനായി അത് ഗാന്ധിജി സർവ്വകലാശാലയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് യൂണിവേഴ്സിറ്റിയാണ്.

വിദേശമദ്യഷാപ്പുകൾക്ക് ലൈസൻസ്

* 30 [34] ശ്രീ. കെ. പുരുഷോത്തമൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, വർക്കല രാധാകൃഷ്ണൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 28 (32) കാണുക]

ലിസ്റ്റ്

നഷണൽ ഹൈവേ വിഭാഗം:—

1.	കൊല്ലം	6 ലക്ഷം
2.	ആലപ്പുഴ	4 ,,
3.	എറണാകുളം	6 ,,
4.	തൃശ്ശൂർ	4 ,,
5.	കോഴിക്കോട്	4 ,,
6.	കണ്ണൂർ	6 ,,
	ആകെ	30 ലക്ഷം

ബി. ആൻറ് ആർ. വിഭാഗം:—

തിരുവനന്തപുരം	5 ലക്ഷം
കൊല്ലം	5 ,,
ആലപ്പുഴ	10 ,,
പത്തനംതിട്ട	15 ,,
കോട്ടയം	10 ,,
മൂവാറ്റുപുഴ	5 ,,
എറണാകുളം	5 ,,
ഇടുക്കി	25 ,,
തൃശ്ശൂർ	15 ,,
പാലക്കാട്	15 ,,
മഞ്ചേരി	15 ,,
കോഴിക്കോട്	10 ,,
വയനാട്	5 ,,
കണ്ണൂർ	5 ,,
കാസർഗോട്	5 ,,
ആകെ	150 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly